## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.267 — 07.11.2019-ൽ മറുപടിക്ക്

### പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.സത്യൻ<br>,, കെ. ദാസൻ<br>,, കെ.ജെ. മാക്സി<br>,, കെ.കുഞ്ഞിരാമൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ മത്സ്യലഭ്യത എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ മത്സ്യ ലഭ്യത സംബന്ധിച്ച് പ്രത്യേകമായ കണക്ക് ഫിഷറീസ് വകുപ്പ് ശേഖരിക്കുന്നില്ല. 2016-17 വർഷം മുതൽ 2018-19 വർഷം വരെ സംസ്ഥാനത്തിന്റെ മത്സ്യോൽപ്പാദനം സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | ഉൾനാടൻ ഉൽപ്പാദനം (മെട്രിക് ടൺ) | സമുദ്ര ഉൽപ്പാദനം (മെട്രിക് ടൺ) | ആകെ മെട്രിക് (ടൺ) |
|---|---|---|---|
| 2016-17 | 188130 | 488336 | 676466 |
| 2017-18 | 189081 | 483686 | 672767 |
| 2018-19 | 192027 | 609730 | 801757 |
| ആകെ | 569238 | 1581752 | 2150990 |

2019-20 വർഷം ഏപ്രിൽ - ജൂൺ വരെ ആകെ 2,09,986 മെട്രിക് ടൺ മത്സ്യം ലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അർഹമായ മണ്ണെണ്ണ ക്വോട്ട വെട്ടിക്കുറയ്ക്കുന്നതും ഇന്ധനവില അടിയ്ക്കടി വർദ്ധിപ്പിക്കുന്നതും പരമ്പരാഗത മേഖലയെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിക്കുന്നുണ്ട്; | (സി) | കേരള സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനു വേണ്ടി മണ്ണെണ്ണ പ്രധാന ഇന്ധനമായി ഉപയോഗിക്കുന്നത് കൊണ്ട് പൊതു വിതരണ സംവിധാനത്തിലൂടെ റേഷൻ നിരക്കിൽ പെർമിറ്റ് മുഖാന്തിരം പ്രതിമാസം 1340 KL മണ്ണെണ്ണ നൽകി വരുന്നു. മുൻപ് 2525 KL വരെ ലഭിച്ചിരുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം എഞ്ചിനുകളുടെ HP അനുസരിച്ച് താഴെ പറയും പ്രകാരമാണ് PDS മണ്ണെണ്ണ വിഹിതം അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| | | | 10 HP 129 Ltr<br>10 HP - 15 HP വരെ 136 Ltr<br>15 HP ക്ക് മുകളിൽ 180 Ltr<br><br>10 HP വരെയുള്ള എഞ്ചിനുകൾക്ക് ഒരു മാസം മത്സ്യബന്ധനാവശ്യത്തിലേയ്ക്കായി ശരാശരി 750 ലിറ്റർ മണ്ണെണ്ണ ആവശ്യമായി വരുന്നുണ്ട്. PDS മണ്ണെണ്ണ കോട്ടയിലെ വെട്ടിക്കുറവും അടിക്കടിയുള്ള ഇന്ധന വിലയിലെ വർദ്ധനവും മൂലം മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനചെലവ് ഗണ്യമായി വർദ്ധിച്ചു വരുന്നു. ഇതുമൂലം മത്സ്യബന്ധനം അനാദായകരമാവുകയും ഉപജീവനസാധ്യതകളെ ബാധിക്കുകയും ചെയ്യുന്നു. സാമ്പത്തിക പരാശ്രയത്വം വർദ്ധിക്കുകയും കടക്കെണിയിലേയ്ക്ക് എത്തിപ്പെടുകയും ചെയ്യുന്നു. മത്സ്യബന്ധന മേഖലയിലെ മണ്ണെണ്ണ ക്ഷാമം പരിഹരിക്കുന്നതിന് മത്സ്യഫെഡ് വഴി 9 തീരദേശ ജില്ലകളിലായി 13 മണ്ണെണ്ണ ബങ്കുകൾ പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. സർക്കാർ പെർമിറ്റിന് നിശ്ചിത നിരക്ക് മണ്ണെണ്ണ ലിറ്റർ ഒന്നിന് 25/- രൂപ നിരക്കിൽ സബ്സിഡി ആയി അനുവദിക്കുകയും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയുമാണ് ചെയ്തു വരുന്നത്. അർഹരായ പെർമിറ്റ് ഉടമകൾക്ക് താഴെ പറയുന്ന നിരക്കിൽ ആണ് മത്സ്യഫെഡ് വഴിയുള്ള സബ്സിഡി മണ്ണെണ്ണ അനുവദിക്കുന്നത്:-<br>10 HP വരെ 140 Ltr<br>10 HP to 15 HP വരെ 150 Ltr<br>15 HP ക്ക് മുകളിൽ 190 Ltr<br><br>138.16 കോടി രൂപ വെള്ള മണ്ണെണ്ണ സബ്സിഡിയായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഓഖി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് 120 എഫ്.ആർ.പി ബോട്ടുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടെ 200 എഫ്.ആർ.പി ബോട്ടുകളും 200 യാനങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങളും വിതരണം ചെയ്യുന്ന പദ്ധതിയും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### I) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി
2. 2018-19 കടൽസുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 556 ജി.പി.എസുകളും 1132 ലൈഫ്ബോയെകളും വിതരണം നടത്തിയിട്ടുണ്ട്.
3. കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകുന്നതിന് സഹായകമായ 'നാവിക്' ഉപകരണങ്ങൾ ആദ്യഘട്ടമായി 5000 എണ്ണം വിതരണം ചെയ്യുന്നതിന് തീരുമാനിച്ച 875 എണ്ണം വിതരണം ചെയ്തിട്ടുണ്ട്.
4. 1000 മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകി. 24 എണ്ണം വിതരണം ചെയ്തിട്ടുണ്ട്.
5. 120 എഫ് ആർ പി ബോട്ടുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി
6. 200 എഫ് ആർ പി മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി
7. 2019-20 പ്ലാൻ പദ്ധതിയിലേർപ്പെടുത്തി 1500 DAT, VHF, GPS എന്നിവ 75% സബ്സിഡിയോടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
8. തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച വരുന്നു.
9. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി 2018-19 മുതൽ നടപ്പിലാക്കി വരുന്നു.

### II) ഫിഷറീസ് വകുപ്പിന്റെ അനുബന്ധ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ

### A) സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതി

1. സാഫിന്റെ പദ്ധതികൾക്കായി 2018-19 വർഷത്തിൽ 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
2. 2018-19 വർഷത്തിൽ സംസ്ഥാനത്തെ 1000 മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാഫ് ധനസഹായം നൽകുന്നു. ഇതിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
3. സാഫ് മുഖേന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സംരംഭങ്ങൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ. സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് പലിശരഹിത വായ്പാപദ്ധതി, ഉചിതമായ പ്രവർത്തനത്തിലേക്ക് മാറുന്നതിനുള്ള ധനസഹായം, സൗജന്യ മെഡിക്കൽ ക്യാമ്പ്, സാങ്കേതിക വിദ്യാനവീകരണം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.
4. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനായി തീരമൈത്രി സംരംഭങ്ങളിലെ 145 ഗ്രൂപ്പുകളിൽ ഉൽപ്പാദിപ്പിക്കുന്ന 6 ഇനം ഉണക്കമത്സ്യങ്ങൾ തീരമൈത്രി ബ്രാൻറിൽ ലഭ്യമാക്കുന്നു.
5. 2019-20 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി 7.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

6. 2019-20 സാമ്പത്തിക വർഷത്തിൽ 3R Package For Ensuring Sustainable Livelihoods of Fisherwomen In Kerala (Rebuilding, Revival, Reforms) എന്ന പദ്ധതി പ്രകാരം കൊല്ലം, ആലപ്പുഴ ജില്ലകളിലായി 200 ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുണ്ട്.

7. അഷ്ടമുടി Phase II പദ്ധതി പ്രകാരം 48 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ 'consortium' മാതൃകയിൽ കൊല്ലത്ത് ആരംഭിച്ചിട്ടുണ്ട്.

B) <u>മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി.
2. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ.
3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി.
4. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം.
5. വലകൾക്കുള്ള സബ്സിഡി പദ്ധതി.
6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി.
7. നാടൻ വള്ളങ്ങളുടെ നവീകരണം.

സെക്ഷൻ ഓഫീസർ